**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2463** **12-12-2022 - ൽ മറുപടിയ്ക്ക്**

**സങ്കേതം സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് ഏതെല്ലാം സോഫ്റ്റ് വെയറുകളാണ് ഉപയോഗിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 1. ILGMS സോഫ്റ്റ് വെയർ<br><br>ഗ്രാമപഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും,സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതന സോഫ്റ്റ് വെയറായ Integrated Local Governance Management System (ILGMS) സോഫ്റ്റ് വെയർ സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.ILGMS ന്റെ ഭാഗമായ സിറ്റിസൺ സർവ്വീസ് പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക്സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്ത ശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 263 സേവനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ അയക്കുന്നതിനും ഓൺലൈൻ ആയി തന്നെ തുക ഒടുക്കുന്നതിനുമുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.<br><br>2. സങ്കേതം സോഫ്റ്റ് വെയർ<br><br>കെട്ടിടനിർമ്മാണ അനുമതി അപേക്ഷകൾ സ്വീകരിക്കുന്നതിന് നഗരസഭകളിൽ IBPMS സോഫ്റ്റ് വെയറും ( കോഴിക്കോട് നഗരസഭയിൽ സുവേഗ )പഞ്ചായത്തുകളിൽ സങ്കേതം സോഫ്റ്റ് വെയറും ഉപയോഗിച്ച് വരുന്നു .<br><br>3. സുഗമ പോർട്ടൽ<br><br>തദ്ദേശസ്ഥാപനങ്ങളിലെ റോഡ് കട്ടിംഗ് അനുവാദത്തിനുള്ള അപേക്ഷകളുടെ കാലതാമസവും ,പരാതികളും ഒഴിവാക്കുന്നതിലേക്ക് കേരള സംസ്ഥാന ഐ.റ്റി മിഷൻ വികസിപ്പിച്ച സുഗമ |

| | | | |
|---|---|---|---|
| | | | പോർട്ടൽ വെബ് ആപ്ലിക്കേഷൻ ( "Sugama Portal" Web Based Road Cutting & Utility Shifting Solution ) ഉപയോഗിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>4. സേവന സിവിൽ രജിസ്ട്രേഷൻ പോർട്ടൽ<br><br>ജനന - മരണ -വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ നഗരസഭകളിൽ സ്വീകരിക്കുന്ന പോർട്ടൽ<br><br>5. സേവന പെൻഷൻ പോർട്ടൽ<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ നൽകുന്നതിനുള്ള സംവിധാനം .<br><br>6. സഞ്ചയ ലൈസെൻസ് പോർട്ടൽ<br><br>നഗരസഭകളിൽ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരത്തിനും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകൾ സ്വീകരിച്ച നടപടി സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ് വെയർ. |
| (ബി) | ഐ.ബി.എം.എസ്. സോഫ്റ്റ് വെയർ അതിസങ്കീർണ്ണമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രസ്തുത സോഫ്റ്റ് വെയർ ലളിതമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ സുതാര്യവും സമയബന്ധിതവുമായി കൈകാര്യം ചെയ്യുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണ് Intelligent Building Plan Management System (IBPMS). ഐ.ബി.പി.എം.എസ്. ഒരു നൂതന കെട്ടിട നിർമ്മാണ പ്ലാൻ പരിശോധന -അവലോകന സംവിധാനം ആണ്. ഉപയോക്താക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചർച്ചകൾ/ യോഗങ്ങൾ എന്നിവ നടത്തുകയും പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുകയും ചെയ്തുവരുന്നു. |
| (സി) | സങ്കേതം സോഫ്റ്റ് വെയറിൽ ഒരു കെട്ടിടത്തിൽ നിരവധി ഉപയോഗങ്ങൾ വന്നാൽ അവയുടെ വിസ്തീർണ്ണം പ്രത്യേകം നൽകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| (ഡി) | മാസ്റ്റർപ്ലാൻ, ഡി.റ്റി.പി.സ്കീം എന്നിവ ഓൺലൈൻ ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | നിലവിൽ അംഗീകരിച്ചിട്ടുള്ളതും പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ മാസ്റ്റർ പ്ലാനുകളും ഡി.റ്റി.പി. സ്കീമുകളും LSGD പ്ലാനിംഗിന്റെ വെബ് സൈറ്റിൽ (www.townplanning.kerala.gov.in) ലഭ്യമാണ്. GIS പ്ലാറ്റ്ഫോമിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളും ഡി.റ്റി.പി. സ്കീമുകളും മാത്രമേ ഓൺലൈൻ |

| | | | |
|---|---|---|---|
| | | | കെട്ടിട നിർമ്മാണ അപേക്ഷകളുടെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. നിലവിലുള്ള ഡി.റ്റി.പി. സ്കീമുകളും ഭൂരിഭാഗം മാസ്റ്റർ പ്ലാനുകളും GIS പ്ലാറ്റ്ഫോമിൽ തയ്യാറാക്കിയിട്ടുള്ളതല്ല . ആയതിനാൽ അവയിലെ വ്യവസ്ഥകൾ ഓൺലൈൻ കെട്ടിട നിർമ്മാണ അപേക്ഷകളുടെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താൻ നിലവിൽ സാങ്കേതിക ബുദ്ധിമുട്ടുണ്ട്. പുതുതായി തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളും ഡി.റ്റി.പി. സ്കീമുകളും GIS പ്ലാറ്റ്ഫോമിൽ തയ്യാറാക്കി ഓൺലൈൻ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ അപേക്ഷകളുടെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതാണ് . |
| (ഇ) | സോഫ്റ്റ് വെയറുകളുടെ ഏകീകരണം സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇത് നടപ്പിലാക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എന്ന് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ? | (ഇ) | ഉണ്ട്.പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ